**ഭരണഭാഷ - മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർസെക്കൻഡറി വിഭാഗം
ജഗതി, തിരുവനന്തപുരം - 695014
ഇ-മെയിൽ: dirdhse.dge@kerala.gov.in
ഫോൺ:- 0471 2580754

**നമ്പർ: HSE/5513/2026-Ad D1** **തീയതി:18-07-2026**

## സർക്കുലർ

വിഷയം: പൊ.വി.വ - ഹ.സെ.വി - ജീവനക്കാര്യം - സർ ക്കാർ ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാരുടെ 2026- 27 അധ്യായന വർഷത്തെ പൊതുസ്ഥലംമാറ്റം - സംബ:

സൂചന: 07/07/2026, 14/07/2026 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.

സർക്കാർ ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാരുടെ 2026 - 27 അധ്യായന വർഷത്തെ പൊതുസ്ഥലംമാറ്റത്തിൽ, Conditional / Three Year Vacancy വിഭാഗത്തിൽ ഉൾപ്പെടുന്ന വിരമിക്കാൻ 2 വർഷമുള്ള ഒരു വ്യക്തി നിലവിലെ സ്കൂളിൽ Retirement പരിരക്ഷ (Retained Status - Yes) ആവശ്യപ്പെട്ടിരിക്കെ ടിയാന്റെ ഒഴിവിലേയ്ക്ക്, ടിയാനേക്കാൾ മുൻപ് സർവ്വീസിൽ നിന്നും വിരമിക്കുന്ന / വിരമിക്കാൻ ഒരു വർഷം മാത്രം ശേഷിക്കുന്ന വ്യക്തി സ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കുന്ന പക്ഷം പൊതുസ്ഥലംമാറ്റ മാനദണ്ഡത്തിലെ 5.(1).2 പ്രകാരം ടിയാന് പ്രസ്തുത ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം നൽകേണ്ടതുണ്ട്.

ആയതിനാൽ Conditional / Three Year Vacancy വിഭാഗത്തിൽ ഉൾപ്പെടുന്നതും, നിലവിലെ സ്കൂളിൽ Retirement പരിരക്ഷ (Retained Status - Yes) ആവശ്യപ്പെട്ടിട്ടുള്ളതുമായ എല്ലാവരും ഓൺലൈൻ മുഖേന തങ്ങളുടെ സ്ഥലംമാറ്റ അപേക്ഷ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

- Compassionate & Protected വിഭാഗത്തിലെ 5.1(1), 5.1(5), 5.1(6), 5.1(7) പ്രകാരം അപേക്ഷ സമർപ്പിക്കുന്നവരും, Other Compassionate വിഭാഗത്തിലെ 6.2(1), 6.2(2), 6.2(3), 6.2(4), 6.2(5) പ്രകാരം അപേക്ഷ

സമർപ്പിക്കുന്നവരും, **07/07/2026** - ലെ സർക്കുലറിലെ നിർദ്ദേശ പ്രകാരം സ്ഥലംമാറ്റ അപേക്ഷയുടെയും, അനുബന്ധ രേഖകളുടെയും **Hard copy** - കൾ **27/07/2026** വൈകിട്ട് **4** മണിക്ക് മുമ്പായി വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

Digitally signed by
Harilal T N
Date: 18-07-2026
21:44:38

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**